**Adv. V. K. Minimol**
Health Committee Chairperson
Div. 43
Kochi Municipal Corporation

Mob : 9746349605
Achu-Anu, Vattathipadam Road
Palarivattom P. O., Kochi - 25
E-mail : minimolpalarivattom@gmail.com

**15.07.2016**

## സദയം പ്രസിദ്ധീകരണത്തിന്

കൊച്ചി കോർപ്പറേഷനിൽ വൈറ്റില ഹെൽത്ത് സർക്കിൾ പരിധിയിൽ ചമ്പക്കര മാർക്കറ്റിൽ ഇറച്ചി വിൽപ്പന നടത്തുന്ന ശ്രീ.റോബർട്ട്.കെ.എ-യുടെ സ്റ്റാൾ നമ്പർ-14ൽ ഒരു മാടിനെ ഇറച്ചി വിൽപ്പനക്കായി അനധികൃതമായി അറുത്തതിനെ തുടർന്നുള്ള പരാതിയിൽ രാവിലെ 7.30നു തന്നെ നഗരസഭ ഹെൽത്ത് സ്ക്വാഡ് സംഭവസ്ഥലത്തെത്തി പരിശോധന നടത്തുകയും 6മാസം വയസ്സു തോന്നിക്കുന്ന 30-40കിലോഗ്രാം തൂക്കം വരുന്ന ഒരു എരുമ കുട്ടിയെ പകുതി കഴുത്തറുത്ത നിലയിൽ കടയിലേക്ക് കയറുന്ന ചവിട്ടു പടിയിൽ കണ്ടെത്തുകയും ചെയ്തു. തുടർന്നും പരിശോധന നടത്തിയതിൽ ഫ്രീസറിലായി ഇറച്ചിക്കഷ്ണങ്ങൾ സൂക്ഷിച്ചിരിക്കുന്നതായി കണ്ടെത്തി. കണ്ടെത്തിയ എരുമ കുട്ടിയുടെ ശവശരീരം പോസ്റ്റ്മാർട്ടത്തിനും മേൽനടപടിക്കുമായി നഗരസഭയുടെ ബ്രഹ്മപുരംപ്ലാന്റിലെ വെറ്റിനറി ഹോസ്പിറ്റലിലേക്ക് മാറ്റുകയും ഫ്രീസറിലായി സൂക്ഷിച്ചിരുന്ന 30കിലോയോളം ഇറച്ചിക്കഷ്ണങ്ങൾ ബ്ലീച്ചിങ് പൗഡറിട്ട് ബ്രഹ്മപുരം പ്ലാന്റിലേക്ക് മാറ്റിയിട്ടുള്ളതുമാണ്. തുടർന്ന് കടയും പരിസരവും ബ്ലീച്ചിങ് പൗഡറിട്ട് വൃത്തിയാക്കിയതിനു ശേഷം മുനിസിപ്പൽ ആക്ട് സെക്ഷൻ 455ന്റെ ലംഘനം കടയുടമ നടത്തിയതായി ബോദ്ധ്യപ്പെട്ടതിനാൽ ഹെൽത്ത് കമ്മിറ്റി ചെയർപേഴ്സന്റെ നിർദ്ദേശാനുസരണം ടി സ്റ്റാൾ രാവിലെ 8.45-ഓടെ ഡിപ്പാർട്ട്മെന്റലായി അടച്ചു പൂട്ടുകയും ചെയ്തു.

മേൽ വാർത്ത താങ്കളുടെ മാദ്ധ്യമത്തിൽ പ്രസിദ്ധീകരിക്കുവാൻ താൽപ്പര്യപ്പെടുന്നു.

**അഡ്വ.മിനിമോൾ.വികെ**
**ചെയർപേഴ്സൺ,ഹെൽത്ത് കമ്മിറ്റി**
**കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ**